REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 24-02-2026 | സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **സംസ്ഥാന നിയമസഭാ സമ്മേളനം അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. പ്രതിപക്ഷ ബഹളത്തെ തുടർന്ന് മുഖ്യമന്ത്രി അവതരിപ്പിച്ച ഉപക്ഷേപം അംഗീകരിച്ചാണ് സഭാസമ്മേളനം പിരിഞ്ഞത്.**
- **ലൈഫ് മിഷനിലൂടെ സംസ്ഥാനത്ത് അഞ്ച് ലക്ഷം വീടുകൾ പൂർത്തീകരിച്ചതിന്റെ പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് തിരുവനന്തപുരത്ത് നിർവഹിക്കും.**
- **കുറ്റമറ്റ വോട്ടർ പട്ടിക ജനാധിപത്യത്തിന്റെ അടിസ്ഥാനശിലയാണെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ.**
- **സംസ്ഥാന റവന്യൂ അവാർഡുകൾ നിയമസഭാ സ്പീക്കർ AN ഷംസീർ വൈകിട്ട് തിരുവനന്തപുരത്ത് സമ്മാനിക്കും.**
- **ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് സൂപ്പർ-8 ലെ രണ്ടാം ഗ്രൂപ്പിൽ ഇന്ന് ഇംഗ്ലണ്ട്, പാകിസ്ഥാനെ നേരിടും.**

## വാർത്തകൾ വിശദമായി

സംസ്ഥാന നിയമസഭാ സമ്മേളനം അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. പ്രതിപക്ഷ ബഹളത്തെ തുടർന്ന് നിയമസഭാ സമ്മേളനം അവസാനിപ്പിക്കുന്നതിന് മുഖ്യമന്ത്രി അവതരിപ്പിച്ച ഉപക്ഷേപം അംഗീകരിച്ചാണ് സഭാസമ്മേളനം പിരിഞ്ഞത്. ചരിത്ര പ്രധാനമായ ഒട്ടേറെ തീരുമാനങ്ങൾ സഭയ്ക്ക് എടുക്കാൻ കഴിഞ്ഞെന്നും നേറ്റിവിറ്റി ബിൽ ഉൾപ്പെടെ സുപ്രധാന നിയമ നിർമ്മാണങ്ങൾ നടത്താൻ സഭയ്ക്ക് സാധിച്ചെന്നും പിണറായി വിജയൻ പറഞ്ഞു. നേറ്റിവിറ്റി കാർഡ് ബിൽ അടക്കം ഒമ്പത് ബില്ലുകൾ ഇന്ന് പാസാക്കി.

പതിനഞ്ചാം നിയമസഭയുടെ അവസാന സമ്മേളനത്തിലും പ്രതിഷേധിച്ച് സഭാ നടപടികൾ ബഹിഷ്കരിച്ച പ്രതിപക്ഷത്തെ മുഖ്യമന്ത്രി നിശിതമായി വിമർശിച്ചു.

സമ്മേളനം തുടങ്ങിയപ്പോൾ ശബരിമല സ്വർണ്ണക്കൊള്ളക്കേസ് വിഷയത്തിൽ ബാനറും പ്ലക്കാർഡും ഉയർത്തി സഭയുടെ നടുത്തളത്തിൽ ഇറങ്ങിയായിരുന്നു പ്രതിപക്ഷം പ്രതിഷേധം ആരംഭിച്ചത്. ശബരിമല സ്വർണ്ണക്കൊള്ളക്കേസിൽ പ്രതിപക്ഷം തന്ത്രിയുടെ വക്കാലത്ത് ഏറ്റെടുത്തു എന്ന ഭരണപക്ഷവാദം ശരിയല്ലെന്നും, കോടതി പറഞ്ഞതാണ് പ്രതിപക്ഷം പറയുന്നതെന്നും കോൺഗ്രസിലെ K ബാബു പറഞ്ഞു.

അഞ്ച് വർഷത്തിനിടെ മന്ത്രിസഭയിലെ ഒരു അംഗത്തിനെതിരെയും അഴിമതി ആരോപണം ഉന്നയിച്ച് അവിശ്വാസ പ്രമേയം കൊണ്ട് വരാൻ പോലും പ്രതിപക്ഷത്തിന് കഴിഞ്ഞിട്ടില്ലെന്ന് മന്ത്രി പി രാജീവ് പറഞ്ഞു.

ഗവൺമെന്റിനെതിരെ പ്രതിപക്ഷത്തിന് കാതലായ ജനകീയ പ്രശ്നം ഉയർത്താൻ കഴിഞ്ഞിട്ടില്ലെന്ന് പ്രതിപക്ഷ പ്രതിഷേധത്തിനിടെ മന്ത്രി MB രാജേഷ് പറഞ്ഞു.

പ്രതിപക്ഷം സഹകരിക്കാത്തതിനാൽ ചോദ്യോത്തര വേള റദ്ദാക്കിയതായി നേരത്തെ സ്പീക്കർ AN ഷംസീർ പറഞ്ഞു.

✪✪✪

അടിയന്തര പ്രമേയം അവതരിപ്പിക്കുകയും ചർച്ചയെ ഭയപ്പെടുകയും ചെയ്യുന്ന പ്രതിപക്ഷത്തെ കേരളത്തിലല്ലാതെ ലോകത്ത് ഒരിടത്തും കാണാനാവില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. നിയമസഭയിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. സംസ്ഥാനം കടമെടുക്കുന്നതുമായി ബന്ധപ്പെട്ട് പ്രതിപക്ഷം തെറ്റായ പ്രചാരണമാണ് നടത്തുന്നത്. കേരളം ഭീമമായ കടക്കെണിയിലാണ് എന്ന ധാരണ പരത്താനാണ് ശ്രമം.

നയപ്രഖ്യാപന പ്രസംഗം ഗവർണർ സ്വയം തിരുത്തി വായിച്ചത് ഭരണഘടനാനുസൃതമായി കാണാൻ കഴിയില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. നയപ്രഖ്യാപന പ്രസംഗത്തിന്റെ കരട് നൽകിയപ്പോൾ കത്ത് മുഖാന്തിരമോ അല്ലാതെയോ മുഖ്യമന്ത്രിയെ ഗവർണർ അദ്ദേഹത്തിന്റെ വിയോജിപ്പ് അറിയിച്ചില്ലെന്ന് മുഖ്യമന്ത്രി വിശദീകരിച്ചു. പ്രതിപക്ഷ ബഹളത്തെ തുടർന്ന് നിയമ സഭാ സമ്മേളനം അവസാനിപ്പിക്കുന്നതിന് ഉപക്ഷേപവും മുഖ്യമന്ത്രി അവതരിപ്പിച്ചു. ചരിത്ര പ്രധാനമായ ഒട്ടേറെ തീരുമാനങ്ങൾ സഭയ്ക്ക് എടുക്കാൻ കഴിഞ്ഞെന്നും നേറ്റിവിറ്റി ഉൾപ്പെടെ സുപ്രധാന നിയമ നിർമ്മാണങ്ങൾ നടത്താൻ സഭയ്ക്ക് സാധിച്ചെന്നും പിണറായി വിജയൻ പറഞ്ഞു.

✪✪✪

ശബരിമല സ്വർണക്കൊള്ളക്കേസ് വിഷയത്തിൽ ഗവൺമെന്റ് കള്ളക്കളി കളിക്കുന്നതുകൊണ്ടാണ് മന്ത്രി VN വാസവൻ രാജിവെക്കണമെന്ന് പ്രതിപക്ഷം ആവശ്യപ്പെടുന്നതെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. നിയമസഭാ ബഹിഷ്കരണത്തിന് ശേഷം മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

സംസ്ഥാന പൊലീസിന്റെ സ്ത്രീ സുരക്ഷാ പദ്ധതി നിർഭയ- നിശ അല്പസമയത്തിനകം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരം തൈക്കാട് പൊലീസ് ട്രെയിനിംഗ് കോളജിൽ ഉദ്ഘാടനം ചെയ്യും. രാത്രി ഒൻപതു മുതൽ പുലർച്ചെ അഞ്ചു വരെ യാത്ര ചെയ്യുന്ന സ്ത്രീകൾക്ക് പ്രത്യേക സുരക്ഷ ഒരുക്കുന്നതാണ് പദ്ധതി.

പൊലീസിന്റെ എമർജൻസി റെസ്പോൺസ് ആന്റ് സപ്പോർട്ട് സിസ്റ്റം - POL ആപ്പിലെ SOS ബട്ടൺ , 112 ഹെൽപ്‌ലൈൻ, ജില്ലാകൺട്രോൾ റൂം, ഹൈവേ പട്രോൾ, പിങ്ക് പട്രോൾ സംവിധാനങ്ങൾ എന്നിവ ഏകോപിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. അന്താരാഷ്ട്ര വനിതാദിനമായ മാർച്ച് എട്ടിന് പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കും.

✪✪✪

ലൈഫ് മിഷനിലൂടെ സംസ്ഥാനത്ത് അഞ്ച് ലക്ഷം വീടുകൾ പൂർത്തീകരിച്ചതിന്റെ പ്രഖ്യാപനം വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപരത്ത് നിർവഹിക്കും. രാവിലെ കരകുളം പഞ്ചായത്തിലെ കോമളകുമാരി എന്ന ഗുണഭോക്താവിന്റെ ഗൃഹപ്രവേശന ചടങ്ങിലും മുഖ്യമന്ത്രിയും മന്ത്രിമാരും പങ്കെടുക്കും. വൈകിട്ട് പൂജപ്പുര മൈതാനത്താണ് പൂർത്തീകരണ പ്രഖ്യാപനം.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പ് ലക്ഷ്യമിട്ട് പ്രതിപക്ഷനേതാവ് വിഡി സതീശൻ നയിക്കുന്ന പുതുയുഗ യാത്ര ഇന്നും നാളെയും കോട്ടയം ജില്ലയിൽ പര്യടനം നടത്തും. ജില്ലയിലെ യാത്രാ സ്വീകരണങ്ങൾക്ക് ഒരുക്കങ്ങൾ പൂർത്തിയായതായി UDF ജില്ലാ നേതൃത്വം അറിയിച്ചു.

✪✪✪

ശബരിമല യുവതി പ്രവേശ വിഷയത്തിൽ ആചാര സംരക്ഷണത്തിനും ഭക്തർക്കും അനുകൂലമായി സുപ്രീം കോടതിയിൽ സത്യവാങ്മൂലം നൽകണമെന്ന് ആവശ്യപ്പെട്ട് BJP പ്രവർത്തകർ തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിക്ക് മുന്നിൽ ഇന്ന് അയ്യപ്പജ്യോതി തെളിയിക്കും. വൈകിട്ട് അഞ്ചിനാണ് ജ്യോതിയെന്ന് പാർട്ടി ദേശീയ നിർവാഹക സമിതിയംഗം പികെ കൃഷ്ണദാസ് അറിയിച്ചു.

✪✪✪

കുറ്റമറ്റ വോട്ടർ പട്ടിക ജനാധിപത്യത്തിന്റെ അടിസ്ഥാനശിലയാണെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ പറഞ്ഞു. ന്യൂഡൽഹിയിൽ തിരഞ്ഞെടുപ്പ് കമ്മീഷന്റെയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർമാരുടെയും ദേശീയ വട്ടമേശ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. യോഗ്യരായ എല്ലാ വോട്ടർമാരേയും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തുമെന്നും യോഗ്യതയില്ലാത്തവരെ ഒഴിവാക്കുമെന്നും ഗ്യാനേഷ് കുമാർ അറിയിച്ചു.

ബീഹാറിൽ ഒരു അപ്പീൽ പോലുമില്ലാതെയാണ് തീവ്ര വോട്ടർപട്ടിക പരിഷ്കരണം പൂർത്തിയാക്കിയതെന്നും 12 സംസ്ഥാനങ്ങളിൽ 11 ഇടത്തും അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചതായും മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ പറഞ്ഞു.

✪✪✪

ഉപരാഷ്ട്രപതി C.P.രാധാകൃഷ്ണനും പ്രധാനമന്ത്രി നരേന്ദ്രമോദിയും തമിഴ്നാട് മുൻ മുഖ്യമന്ത്രി ജയലളിതയെ ജന്മവാർഷിക ദിനത്തിൽ അനുസ്മരിച്ചു.

തമിഴ്നാടിന്റെ രാഷ്ട്രീയ, സാമൂഹിക രംഗത്ത് മായാത്ത മുദ്ര പതിപ്പിച്ച നേതാവായിരുന്നു അവരെന്ന് ഉപരാഷ്ട്രപതി സാമൂഹ്യ മാധ്യമത്തിൽ പറഞ്ഞു.

ആകർഷണീയമായ വ്യക്തിത്വം കൊണ്ടും മികച്ച ഭരണം കൊണ്ടും എണ്ണമറ്റ ആളുകളുടെ ഹൃദയങ്ങളിൽ ഇടം നേടിയ നേതാവായിരുന്നു തമിഴ്നാട് മുൻമുഖ്യമന്ത്രി ജയലളിത എന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

ആഭ്യന്തരമന്ത്രി അമിത് ഷായും ജയലളിതയ്ക്ക് ആദരാഞ്ജലി അർപ്പിച്ചു. അവരുടെ പൊതുസേവനവും സമർപ്പണവും എപ്പോഴും പ്രചോദനമായി തുടരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തമിഴ്നാടിന്റെ വികസനത്തിൽ ജയലളിത നൽകിയ സംഭാവനകളെ കേന്ദ്രസഹമന്ത്രി ഡോ. L മുരുഗൻ അനുസ്മരിച്ചു.

✪✪✪

ടൂറിസം, കേവലം വ്യവസായത്തിലുപരി സംസ്കാരങ്ങൾക്കിടയിലെ പാലവും സാമ്പത്തിക അവസരങ്ങളുടെ ദിശാരേഖയുമാണെന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ പറഞ്ഞു. ഇന്ത്യ - US തന്ത്രപര പങ്കാളിത്ത ഫോറത്തിന്റെ ടൂറിസം നേതൃത്വ ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സുഗമ നയതന്ത്രത്തിന്റെ ഉപകരണമായും ടൂറിസം പ്രവർത്തിക്കുന്നതായി ഉപരാഷ്ട്രപതി വിലയിരുത്തി.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ നാലു ദിവസത്തെ മഹാരാഷ്ട്ര, ജാർഖണ്ഡ്, രാജസ്ഥാൻ സന്ദർശനം ഇന്ന് ആരംഭിക്കും. മുംബൈയിൽ P.D ഹിന്ദുജ ആശുപത്രി സംഘടിപ്പിക്കുന്ന 'ജീവൻ രക്ഷിക്കൂ ആരോഗ്യ ഭാരതം സൃഷ്ടിക്കൂ' എന്ന രാജ്യവ്യാപക പ്രചാരണം ലോക് ഭവനിൽ രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ രണ്ട് ദിവസത്തെ ഇസ്രായേൽ സന്ദർശനത്തിന് നാളെ തുടക്കമാകും. ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവുമായി ടെൽ അവീവിൽ പ്രധാനമന്ത്രി ചർച്ചകൾ നടത്തും. ജറുസലേമിൽ നിരവധി പരിപാടികളിലും അദ്ദേഹം പങ്കെടുക്കും.

✪✪✪

സംസ്ഥാന റവന്യൂ അവാർഡുകൾ നിയമസഭാ സ്പീക്കർ AN ഷംസീർ വൈകിട്ട് തിരുവനന്തപുരത്ത് സമ്മാനിക്കും. മികച്ച ജില്ലാ കളക്ടർക്കു നൽകുന്ന അവാർഡ് തൃശ്ശൂർ കളക്ടർ അർജുൻ പാണ്ഡ്യൻ ഏറ്റുവാങ്ങും. കളക്ടറോടൊപ്പം മികച്ച ഡെപ്യൂട്ടി കളക്ടറായി PA വിഭൂഷണനും മികച്ച ലാൻഡ് അക്വുസിഷൻ സ്പെഷ്യൽ തഹസിൽദാർ TG ബിന്ദുവും, അവാർഡിന് അർഹരായിട്ടുണ്ട്.

✪✪✪

കണ്ണൂർ ജില്ലയിലെ കല്യാട് അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം നാളെ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ആയുർവേദത്തെ തെളിവ് അധിഷ്ഠിതമാക്കി ലോകത്തിന് മുന്നിൽ അവതരിപ്പിക്കാനാണ് കേന്ദ്രം സ്ഥാപിക്കുന്നതെന്ന് മന്ത്രി വീണാജോർജ് പറഞ്ഞു.

✪✪✪

ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് സൂപ്പർ-8 ലെ രണ്ടാം ഗ്രൂപ്പിൽ ഇന്ന് ഇംഗ്ലണ്ട്, പാകിസ്ഥാനെ നേരിടും. ശ്രീലങ്കയിലെ പല്ലേക്കലെ സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴിനാണ് മത്സരം.

✪✪✪

വനിതാ ക്രിക്കറ്റ് ഏകദിന പരമ്പരയിലെ ആദ്യ മത്സരത്തിൽ ബ്രിസ്ബേനിൽ ഇന്ത്യ ഓസ്ട്രേലിയയെ നേരിടുന്നു. ബാറ്റിംഗ് തെരഞ്ഞെടുത്ത ഇന്ത്യ 6 വിക്കറ്റ് നഷ്ടത്തിൽ 194 റൺസെടുത്തു.

✪✪✪

കോഴിക്കോട് വലിയങ്ങാടിയിൽ കെട്ടിടം തകർന്ന് മരിച്ചവരുടെ കുടുംബത്തിന് ഒരുലക്ഷം രൂപയും പരിക്കേറ്റയാൾക്ക് 50,000 രൂപയും മേയർ ഫണ്ടിൽ നിന്ന് അടിയന്തര ധനസഹായം നൽകുമെന്ന് മേയർ ഓ സദാശിവൻ അറിയിച്ചു. നഗരത്തിൽ കാലപഴക്കം ചെന്നതും പുനർനിർമ്മിക്കാൻ തീരുമാനിച്ചതുമായ എല്ലാ കെട്ടിടങ്ങളിലും എൻജിനിയറിംഗ് വിഭാഗം പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുമെന്ന് മേയർ മാധ്യമങ്ങളോട് പറഞ്ഞു.

കാലപഴക്കവും വിപുലീകരണവും കണക്കിലെടുത്താണ് 16 കെട്ടിട്ടങ്ങൾ പുനർനിർമിക്കാൻ 2022 ൽ തീരുമാനിച്ചതാണ്. ഇവിടങ്ങളിൽ പുതിയ ലൈസൻസ് അനുവദിച്ചിട്ടില്ലെന്നും നിലവിലേത് തുടരാൻ അനുവദിക്കുകയായിരുന്നുവെന്നും സദാശിവൻ അറിയിച്ചു.

അപകടമുണ്ടായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഒഴിയാൻ ആവശ്യപ്പെട്ട് നഗരസഭ നോട്ടീസ് നൽകി. കെട്ടിടത്തിന്റെ അപകടാവസ്ഥ മുൻ നിർത്തിയാണ് അധികൃതർ നോട്ടീസ് പതിച്ചത്.

✪✪✪

കോഴികോട്കോർപ്പറേഷന്റെ വലിയങ്ങാടിയിലെ കാലപ്പഴക്കം ചെന്ന കെട്ടിടം തകർന്ന് വീണ് നാലുപേർ മരിച്ച സംഭവത്തിൽ BJP കോർപ്പറേഷൻ ഓഫീസിലേക്ക് പ്രതിഷേധ മാർച്ച് നടത്തി. മരണപ്പെട്ടവരുടെ കുടുംബത്തിന് 25 ലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്നും, കാലപ്പഴക്കമേറിയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റി പുതുക്കി പണിയണമെന്നും അവർ ആവശ്യപ്പെട്ടു.

✪✪✪

പമ്പയാറ്റിൽ ഒഴുക്കിൽപ്പെട്ട് കാണാതായ രണ്ടു പ്ലസ് ടു വിദ്യാർത്ഥികളുടെ മൃതദേഹം കണ്ടെത്തി. മൈലപ്ര വടക്കേമെറ്റപ്പള്ളിൽ ബിജു വർഗീസിന്റെ മകൻ ക്രിസ് ബിജു, കോന്നി വെള്ളപ്പാറ കിടങ്ങയിൽ വീട്ടിൽ ബിനുവിന്റെ മകൻ

ജോഷിൻ ബിനു എന്നിവരുടെ മൃതദേഹമാണ് കണ്ടെത്തിയത്. ഇരുവരും മൈലപ്ര മൗണ്ട് ബഥനി സ്കൂളിലെ വിദ്യാർത്ഥികളാണ്.

ഇന്നലെ വൈകിട്ട് സുഹൃത്തിന്റെ വീട്ടിലെത്തിയ വിദ്യാർത്ഥികൾ കുളിക്കാനിറങ്ങിയപ്പോൾ ഒഴുക്കിൽപ്പെടുകയായിരുന്നു.

✪✪✪

പത്തനംതിട്ട കോഴഞ്ചേരി ജില്ലാആശുപത്രി ഒ പി ആൻഡ് ഡയഗ്നോസ്റ്റിക് ബ്ലോക്ക്, എ ആൻഡ് ബി ബ്ലോക്കിന്റെ നവീകരണം, വന്ധ്യതാ നിവാരണ ക്ലിനിക് എന്നിവ വൈകിട്ട് ആറിന് കോഴഞ്ചേരി വണ്ടിപ്പേട്ടയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രി വീണാ ജോർജ് അധ്യക്ഷയാകും.

✪✪✪

സ്വർണവില പവന് 320 രൂപ വർധിച്ചു. പവന് ഒരു ലക്ഷത്തി 18,640 രൂപയ്ക്കാണ് വ്യാപാരം പുരോഗമിക്കുന്നത്. ഗ്രാമിന് 14,830 രൂപയാണ് ഇന്നത്തെ വില.

✪✪✪

കൗൺസിലിങ്ങിനെത്തിയ പതിനേഴുകാരിയെ പീഡിപ്പിക്കാൻ ശ്രമിച്ച കേസിൽ അറസ്റ്റിലായ മോട്ടിവേഷൻ സ്പീക്കർ കണ്ണൂർ മുഴക്കുന്ന് എടത്തൊട്ടി സ്വദേശി KC ഷാജുവിനെ കോടതി റിമാന്റ് ചെയ്തു. റിട്ട.ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ കൂടിയായ ഷാജു ഹയർ സെക്കൻഡറി കരിയർ ഗൈഡൻസ് ആൻഡ് അഡോളസന്റ് കൗൺസലിങ് സ്റ്റേറ്റ് ഫാക്കൽറ്റിയായാണ് പ്രവർത്തിക്കുന്നത്.

✪✪✪

ചാലക്കുടി താലൂക്കിലെ ഗോത്രവർഗ മേഖലകളായ പൊകലപ്പാറ, വാച്ചുമരം ഉന്നതികളിൽ സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ചെയർപേഴ്സൺ ഡോ. ജിനു സഖറിയ ഉമ്മൻ, കമ്മീഷൻ അംഗം ഷീല വിജയകുമാർ തുടങ്ങിയവർ സന്ദർശിച്ചു. ഗുണഭോക്താക്കളെ നേരിൽ കണ്ട്, പൊതുവിതരണ- വനിതാ ശിശു വികസന വകുപ്പുകളുടെ പദ്ധതി ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടോയെന്ന് കമ്മീഷൻ ആരാഞ്ഞു.

✪✪✪

*News Editor, News Reader : വി കെ സുരേഷ്,*
*News Editor - എ വി ഫർദിസ്*
*News Team: അനിൽ ചന്ദ്രൻ, ശരണ്യ രാജൻ*
*DEO: സി കെ സുബോധ്*